# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4668

## 22-03-2018 - ലെ മറുപടിക്ക്

### തൊഴിലുറപ്പ് പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുണ്ടായ കാലതാമസം

| ചോദ്യം<br>**ശ്രീ. കെ.എൻ.എ ഖാദർ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| എ) തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രം 2018 ജനുവരി 9 ന് നൂറ് കോടി രൂപ നൽകിയിട്ടും ഇതിന് ആനുപാതികമായി സംസ്ഥാന ഫണ്ട് അനുവദിക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്നും കാലതാമസം ഉണ്ടായിട്ടുണ്ടോ;<br><br>ബി) 2018 ജനുവരി 12 നുള്ളിൽ സംസ്ഥാന ഫണ്ട് അനുവദിച്ചില്ലെങ്കിൽ പന്ത്രണ്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കുന്നതിന് കേന്ദ്രം വ്യവസ്ഥ ചെയ്തിരുന്നോ; ഇപ്രകാരം പലിശ ധനകാര്യവകുപ്പിൽ നിന്ന് അടക്കേണ്ടി വന്നിട്ടുണ്ടോ; | ഇല്ല. 21.02.2017 തീയതിയിലെ ജി.ഒ(പി) നം.24/2017/ധന ഉത്തരവ് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് ആയത് സംസ്ഥാന വിഹിതവും ചേർത്ത് അനുവദിക്കുന്നതിന് ഭരണവകുപ്പിനെ തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 09.01.2018-ലെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ Sanction Order No. J-12020/02/2017-MGNREGAVIII (Part)Sl No. 91 പ്രകാരം കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിനുള്ള MGNREGS മിഷൻ ഡയറക്ടറുടെ 12.01.2018-ലെ പ്രൊപ്പോസൽ, 13,14,15 തീയതികളിലെ പൊതു അവധികൾക്ക് ശേഷം 17.01.2018-ൽ തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പിൽ ലഭിച്ചു. 22.01.2018-ൽ കേന്ദ്ര സഹായം ആനുപാതിക സംസ്ഥാന വിഹിതത്തോടൊപ്പം 22.01.2018-ലെ ജി.ഒ (ആർ.റ്റി) നം.203/2018/LSGD പ്രകാരം അനുവദിക്കുകയുണ്ടായി.<br><br>ഫണ്ട് ലഭിച്ച് 3 ദിവസത്തിനുള്ളിൽ ആനുപാതിക സംസ്ഥാനവിഹിതത്തോടൊപ്പം കൈമാറണമെന്നും നിശ്ചിത ദിവസത്തിനുള്ളിൽ ഫണ്ട് റിലീസ് ചെയ്തില്ലെങ്കിൽ 12% നിരക്കിൽ പലിശ നൽകേണ്ടതാണെന്നും മേൽ പറഞ്ഞ Sanction Order-ൽ വ്യക്തമാക്കിയിട്ടുണ്ട്. |
| സി) ഫണ്ട് അനുവദിക്കുന്നതിനായി ഫയൽ എന്നാണ് ധനകാര്യവകുപ്പിന് നൽകിയതെന്നും ഫണ്ട് അനുവദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവായതെന്നാണെന്നും അറിയിക്കുമോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് കാരണം വെളിപ്പെടുത്തുമോ; | മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

Nava

**സെക്ഷൻ ഓഫീസർ**